(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് വഴിയും ലഭ്യമാക്കാറുണ്ട്.

പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടി

130 (141) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് മെഡിക്കൽ കൗൺസിലിന്റെ സമ്പൂർണ്ണ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരുന്നു.

(സി&ഡി) ഈ സ്ഥാപനത്തിന് വർഷംതോറുമാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നത്. 1999-2000 വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിലെ ജീവനക്കാരെക്കുറിച്ചും ചികിത്സാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും പരാതി

131 (142) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജീവനക്കാരെക്കുറിച്ചും ചികിത്സാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ എത്ര എണ്ണത്തിൻമേൽ നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചവ സംബന്ധിച്ച് പരാതിക്കാർക്ക് മറുപടി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പരാതി നൽകുന്നവർക്ക് മൂന്ന് മാസത്തിനുള്ളിൽ മറുപടി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly